# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.റ്റി.4524** **26.06.2014 ൽ മറുപടിക്ക്**

**നെല്ല് സംഭരണവും വിലമാനദണ്ഡവും**

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|
| (എ) നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിനും സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം കൃഷിക്കാർക്ക് നൽകുന്നതിനും പുതുതായി സർക്കാർ എന്തു പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം കൃഷിക്കാർക്ക് നൽകുന്നതിനും 350 കോടി രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ബാങ്ക് ഓഫ് ഇൻഡ്യ, കാനറാ ബാങ്ക് എന്നീ ബാങ്കുകളുമായി സപ്ലൈകോ ഉണ്ടാക്കിയിട്ടുള്ള ധാരണ പ്രകാരം നെല്ല് സംഭരിച്ചതിന് കർഷകർക്ക് ലഭിച്ചിട്ടുള്ള രസീത് പ്രസ്തുത ബാങ്കുകളിൽ ഹാജരാക്കിയാൽ മൂന്ന് ദിവസത്തിനുള്ളിൽ നെല്ലിന്റെ വില ലഭിക്കും. |
| (ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും അതിന് കാലാകാലങ്ങളിൽ സംഭരണ വില നിശ്ചയിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; കർഷകർക്ക് കൃഷി ആവശ്യത്തിന് ചെലവാകുന്ന തുകയുടെ എത്ര മടങ്ങാണ് സംഭരണവിലയായി നിശ്ചയിക്കുന്നത് എന്ന് അറിയിക്കുമോ; ഓരോ വർഷവും നെല്ല് സംഭരിക്കുന്നതിനുള്ള തുക വകുപ്പ് മാറ്റി വയ്ക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | കേന്ദ്ര സർക്കാർ അനുവദിക്കുന്ന താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാന സർക്കാർ നയപരമായ തീരുമാനമനുസരിച്ച് അഡീഷണൽ ബോണസ് നൽകി വരുന്നു. ഇതിനായി ഓരോ വർഷവും ഒരു നിശ്ചിത തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സംസ്ഥാനമൊട്ടാകെയുള്ള കർഷകരുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചു നൽകുന്നത്. |

Beena

സെക്ഷൻ ഓഫീസർ